# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1801 | 31.01.2018 -ൽ മറുപടിക്ക്

## വഖഫ് ബോർഡിലെ നിയമനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ടി.എ. റഹിം : | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന വഖഫ് ബോർഡിൽ കാര്യക്ഷമതയും ഉത്തരവാദിത്വവും വൈദഗ്ദ്ധ്യവും ഉള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിനായി 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) എന്ന ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് ചില മുസ്ലീം സംഘടനകൾ ഉയർത്തുന്ന ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. അത്തരത്തിൽ ഒരു നിവേദനവും സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) പൊതു റാങ്ക് ലിസ്റ്റിൽ നിന്നും വഖഫ് ബോർഡിലേക്കുള്ള നിയമനത്തിന് ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ മുസ്ലീം വിഭാഗത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന പൊതു തസ്തികകളിൽ കുറവുവരുമെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | പരിശോധിച്ചിട്ടില്ല എങ്കിലും വഖഫ് ബോർഡിലെ നിയമനങ്ങൾ മുസ്ലീം സമുദായാംഗങ്ങളായ ഉദ്യോഗാർത്ഥികൾക്കായി മാത്രം നിജപ്പെടുത്തിയിട്ടുള്ളതിനാൽ പൊതു തസ്തികകളിൽ കുറവുവരാനുള്ള സാദ്ധ്യത വിരളമാണ്. |

സെക്ഷൻ ഓഫീസർ